# നോട്ടീസ്

വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് 2018-19 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 203(അംഗനവാടി നിർമ്മാണത്തിന് ഭൂമി വാങ്ങൽ) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തിലെ വിവിധവാർഡുകളിൽ 3 മുതൽ 5 സെന്റ് വരെയുള്ള ഭൂമിയും പ്രോജക്ട് നമ്പർ 204(ഭവനരഹിതർക്ക് ഭവനസമുച്ചയ നിർമ്മാണത്തിന് ഭൂമി വാങ്ങൽ-ജനറൽ) പദ്ധതിയ്ക്ക് 50 സെന്റ് വസ്തുവും പഞ്ചായത്തിന്റെ പരിധിയിലുള്ള വസ്തു ഉടമകളിൽ നിന്നും സ്വയം പ്രഖ്യാപിത വിലയ്ക്കോ സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കോ ഏതാണോ കുറവ് ആയതിന് അപേക്ഷകൾ /സമ്മതപത്രം ക്ഷണിക്കുന്നു. ടി സ്ഥലം അപേക്ഷകന്റെ സ്വന്തം കൈവശത്തിലുള്ളതും , തന്നാണ്ടു വരെയുള്ള ഭൂനികുതി ഒടുക്കിയിട്ടുള്ളതും ,യാതൊരു വിധ കോടതി നടപടികളും ബാധ്യതകളും ഇല്ലാത്തതും , കരഭൂമി ആയതുമായ വാഹനഗതാഗതത്തിന് അനുയോജ്യമായ വഴി സൗകര്യമുള്ളതും സമീപത്ത് വൈദ്യുതി-കുടിവെള്ളം ലഭ്യതയുള്ളതും ആയിരിക്കണം. സ്ഥലത്തിന്റെ ആധാരത്തിന്റെ പകർപ്പ് , ഭൂനികുതി ഒടുക്കിയതിന്റെ ഒറിജിനൽ രസീത് , കൈവശ സർട്ടിഫിക്കറ്റ്, 18 വർഷത്തെ കുടിക്കിട സർട്ടിഫിക്കറ്റ് എന്നിവ സഹിതം സെന്റ് 1 ന് ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയുള്ള സമ്മതപത്രം 27.10.2018 2.30 പി.എം ന് മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. 2005 ലെ പഞ്ചായത്ത് രാജ് ചട്ടങ്ങൾ ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പഞ്ചായത്ത് കാര്യാലയത്തിൽ(0471-2480256) നിന്ന് അറിയാവുന്നതാണ്.

സെക്രട്ടറി

വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്